**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2820** **18-08-2017 ൽ മറുപടിക്ക്**

**ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് പോലീസിന്റെ സഹായം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് സർക്കാർ ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതി വിശേഷം സംജാതമായിട്ടുണ്ടോ;<br>(ബി) ഭൂമി കൈയ്യേറ്റമൊഴിപ്പിക്കാൻ നടപടി സ്വീകരിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് ഭീഷണിയും മർദ്ദനവും നേരിടേണ്ടിവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) & (ബി) ഇല്ല |
| (സി) ഇത്തരത്തിൽ കൈയ്യേറ്റമൊഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് പോലീസിന്റെ സഹായം തേടാറുണ്ടോ; എങ്കിൽ പോലീസിന്റെ എല്ലാവിധ സഹായങ്ങളും റവന്യൂ സംഘത്തിന് ലഭ്യമായിട്ടുണ്ടോ;<br>(ഡി) ഈ സർക്കാരിന്റെ നേതൃത്വത്തിൽ ഭൂമി കയ്യേറ്റമൊഴിപ്പിക്കുന്നതിന് ഏതെങ്കിലും ജില്ലയിൽ ഏതെങ്കിലും സ്ഥലത്ത് പോലീസിന്റെ സഹായ മഭ്യർത്ഥിച്ചിട്ടും ലഭിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ഈ സ്ഥിതി ഉണ്ടായത്; ഇതിനെതിരെ റവന്യൂ വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ? | (സി) & (ഡി) ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് - റവന്യൂ ഉദ്യോഗസ്ഥർ പോലീസിന്റെ സഹായം തേടാറുണ്ട്. ഒഴിപ്പിക്കൽ നടപടിക്ക് പോലീസിന്റെ സഹായവും സാന്നിദ്ധ്യവും ആവശ്യപ്പെട്ട സന്ദർഭങ്ങളിൽ എല്ലാം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ